PESQUISA–Vol.10, Issue-1, May2025 ISSN-2455-0736(P)
www.pesquisaonline.net ISSN-2456-4052(E)

# GANDHI VS. GANDHI: DIVERGING LEGACIES OF TWO UNRELATED FAMILIES AND THEIR IMPACT ON INDIAN POLITICS.

# ഗാന്ധി വേഴ്സസ് ഗാന്ധി: ബന്ധമില്ലാത്ത രണ്ട് കുടുംബങ്ങളുടെ പാരമ്പര്യവും ഇന്ത്യൻ രാഷ്ട്രീയത്തിൽ അവയുടെ സ്വാധീനവും

**Dr. Boby Thomas**[1]

## ABSTRACT

**Key Words:**

Gandhi, Feroze Gandhi, Nehru-Gandhi family, Mahatma Gandhi, Indian political landscape, political branding, ancestry

The name "Gandhi" carries considerable significance in Indian political history. Despite this, there is widespread public confusion regarding the relationship between Mahatma Gandhi and Feroze Gandhi, with many assuming a familial connection where none exists. This article investigates the historical reality of the name and its political associations, while examining the distinct influences exerted by the two families on Indian public and political thought

**സംഗ്രഹം**

'ഗാന്ധി' എന്ന പേര് ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ ഗൗരവപൂർവം സ്വീകരിക്കപ്പെടുന്നു. എന്നാൽ, മഹാത്മാഗാന്ധിയുമായും ഫെ റോസ് ഗാന്ധിയുമായും ബന്ധപ്പെട്ട ര്ുപേർ പരസ്പരം ബന്ധമില്ലാ ത്ത വരാണെന്ന കാര്യത്തിൽ പൊതുജനങ്ങൾക്കിടയിൽ വലിയ ആ

[1] Research and PG Department of Commerce, Pavanatma College Murickassery, India

ശയക്കുഴപ്പമുï. ഈ ലേഖനം, ഈ പേരിന്റെ യാഥാർത്ഥ്യവും, ഇതിന്റെ രാഷ്ട്രീയ ഉപയോഗവും പരിശോധിക്കുന്നു. രï കുടുംബങ്ങളും ഭാരതീയ പൊതുചിന്തയിലുïാക്കിയ വ്യത്യസ്തമായ സ്വാധീനങ്ങളെയും പരിഗണിക്കുന്നു.

പ്രധാനപദങ്ങൾ: ഗാന്ധി, ഫെറോസ് ഗാന്ധി, നെഹ്റുഗാന്ധി കുടുംബം, മഹാത്മാഗാന്ധി, ഭാരതീയ രാഷ്ട്രീയഭൂമിക, രാഷ്ട്രീയ ബ്രാൻഡിങ്, വംശപരമ്പര.

**ആമുഖം:**

മഹാത്മാഗാന്ധിയുടെ പേരിൽ നിന്നും ഉരുത്തിരിഞ്ഞ ധാർമിക മത ഭാവനയും സ്വാതന്ത്ര്യ സമരത്തിന്റെ ആധികാരികതയും ഗാന്ധി പേരിൽ അടങ്ങിയിരിക്കുന്നു. ഇതേപേരിൽ ഭാരതീയ നാഷണൽ കോൺഗ്രസ് പാർട്ടിയുമായി ബന്ധപ്പെട്ട നെഹ്റുഗാന്ധി കുടുംബവും നിലനിൽക്കുന്നു. ഫെറോസ് ഗാന്ധിയും മഹാത്മാഗാന്ധിയും പരസ്പരം ബന്ധമില്ലാത്തവ രാണെങ്കിലും, പൊതുജനങ്ങൾ പലപ്പോഴും ഇരു കുടുംബങ്ങളെയും ഒരേ കുടുംബം എന്ന് തെറ്റിദ്ധരിച്ചുവരുന്നു. ഭാരതീയ മാധ്യമങ്ങൾ ഈ രï കുടുംബങ്ങൾ തമ്മിലുള്ള യാഥാർത്ഥ്യ വ്യത്യാസം വ്യക്തമാക്കുന്നതിൽ ധൈര്യമോ താൽപര്യമോ കാണിച്ചിട്ടില്ല. ഇത് പൊതുധാരണകളെ ബാധിച്ചിരിക്കുകയാണ്. എതിർപ്പുസ്വരങ്ങളും വസ്തുതകൾ കൃത്യമായി വ്യക്തമാക്കാത്തതാണ്.

ഒരു പോലെ കാണപ്പെടുന്ന രï പേരുകൾക്ക് പിന്നിലുള്ള യാഥാർത്ഥ്യ വ്യത്യാസങ്ങൾ ഭാരതീയ ജനാധിപത്യത്തിൽ വലിയ പ്രതിഫലനം ചെലുത്തുന്നു. മഹാത്മാഗാന്ധിയുടെ പാരമ്പര്യവും നെഹ്റുഗാന്ധി കുടുംബത്തിന്റെ രാഷ്ട്രീയകാലാതീതിയും വ്യക്തമായി വേർതിരിച്ച് ധാരണയുïാക്കുന്നത് ഒരു ഗവേഷണ വെളിച്ചം വിതയ്ക്കുന്ന പ്രവർത്തിയാണ്.

**പേരിന്റെ വ്യത്യസ്ത ഉത്ഭവങ്ങൾ**

ഇന്ത്യൻ ഉപഭൂഖണ്ഡം അനേകം സംസ്കാരങ്ങളുടെയും ഭാഷകളുടെയും സംയുക്തമായ ചരിത്രപൈതൃകം ഉൾക്കൊള്ളുന്നതാണ്. ഈ സമുച്ചയത്തിന്റെ ഭാഗമായാണ് പേരുകളുടെ നിർമ്മിതിയും ഉപയോഗവും മാറിനില്ക്കുന്നത്. കുടുംബപ്പേരുകൾ (ഔദ്യോമാലം), ജാതിപ്പേരുകൾ, തൊഴിൽപരമായ ചിഹ്നങ്ങൾ, ഭൂഗോളപരമായ വ്യാകരണങ്ങൾ — ഇവയെല്ലാം ചേർന്നാണ് പേരുകളുടെ രൂപീകരണം . ഓരോ പേരിനും അതിന് പിന്നിലെ സാമൂഹികസാംസ്ക്കാരിക അടിസ്ഥാനം ഉൾക്കൊള്ളുന്നു. പേരുകൾക്കു പിന്നിൽ തൊഴിലോ ജാതിയോ ദേശമോ ഭാഷാപ്രയോഗമോ ആകാം. അതിനാൽ ഒരേ പേര് ഉള്ളവരൊക്കെ ബന്ധുക്കളാണോ എന്നും അതേ സാമൂഹിക സ്ഥാനത്തിൽ പെടുന്നതാണോ എന്നും നിശ്ചയിക്കാൻ കഴിയില്ല. പേരുകൾക്ക് പിന്നിലെ ചരിത്രപരമായ, സാമൂഹികപരമായ ഘടകങ്ങളെ ബോധപൂർവം സമീപിക്കുക എന്നതാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്ന പ്രധാനബോധം. ഉദാഹരണമായി, 'ഗാന്ധി', 'പട്ടേൽ', 'ശർമ', 'ചൗധരി' തുടങ്ങിയ പേരുകൾ വിശകലനം ചെയ്യാം.

**പേര്, ജാതി, തൊഴിൽ: ബന്ധങ്ങൾ**

പട്ടേൽ (Patel) – ഗുജറാത്തിലെ പടിദാർ സമുദായത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു പേര്. ചരിത്രപരമായി ഗ്രാമപഞ്ചായത്തിലെ തലവന്റെ പദവിയാണ് "പട്ടേൽ". പിന്നീട് അത് ഭൂസമ്പന്നരായ കർഷകവ്യൂഹത്തിന്റെ പേര് ആയി മാറി.

ശർമ (Sharma) – ഹിന്ദി പ്രഭാഷക പ്രദേശങ്ങളിലെ ബ്രാഹ്മണ സമൂഹത്തിൽ സാധാരണയായി ഉപയോഗിക്കുന്ന പേര്. കശ്മീർ മുതൽ മധ്യപ്രദേശ് വരെ വ്യാപിച്ചുപോയ ഒരു ജാതിപേരാണ് ഇത്.

ചൗധരി (Chaudhary) – ഉത്തരേന്ത്യ, ബംഗ്ലാദേശ്, ബിഹാർ, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ കാണപ്പെടുന്ന, വിവിധ ജാതികളും സമൂ

ഹങ്ങളും ഉപയോഗിക്കുന്ന ഒരു പേര്. ഉച്ചാരണത്തിലും സാമൂഹിക പദവിയിലും സംസ്ഥാനാനുസരിച്ച് വ്യത്യാസം കാണാം.

നായർ (Nair) – കേരളത്തിൽ ഉപയോഗിക്കുന്ന ജാതിപേരായ ''നായർ'' ജില്ലക്കനുസരിച്ച് വ്യത്യസ്ത ഉച്ചാരണങ്ങളിൽ കാണാം. ചിലപ്പോഴത് പേരിന്റെ ഭാഗമായും, മറ്റു ചിലപ്പോൾ സ്ഥാനപദവിയായും ഉപയോഗപ്പെടുത്തുന്നു.

സിംഗ് (Singh) — ഇന്ത്യയിലെ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന കുടുംബപ്പേരുകളിൽ ഒന്നാണ് സിംഗ്. പക്ഷേ, അതിന് പിന്നിലുള്ള സാമൂഹികവും ചരിത്രപരവുമായ പശ്ചാത്തലങ്ങൾ അത്രയും സങ്കീർണ്ണവുമാണ്. ''സിംഹ'' എന്ന സംസ്കൃത പദത്തിൽ നിന്നാണ് ''സിംഗ്'' വന്നതെന്ന് സ്വീകാര്യമായാണ് ചരിത്രം പറയുന്നത്. ആദ്യം ഇത് ക്ഷത്രിയവംശജരായ രാജ്പുതുകൾ ഉപയോഗിച്ചിരുന്നു. ഗുരു ഗോവിന്ദ് സിംഗ് 1699 ൽ എല്ലാ സിക് പുരുഷന്മാർക്കും ''സിംഗ്'' എന്നപേരുപയോഗിക്കാൻ ആഹ്വാനം ചെയ്തതോടെ, ഇത് ഒരു സമത്വചിഹ്നമായി മാറി. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബിഹാർ, രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന തുടങ്ങിയ സ്ഥലങ്ങളിൽ പല സമൂഹങ്ങൾ ''സിംഗ്'' ഉപയോഗിക്കുന്നു — ബ്രാഹ്മണർ മുതൽ ദളിതുകൾ വരെ. സിംഗ് എന്നത് വ്യക്തിയുടെ ജാതിയും മതവും തിരിച്ചറിയാൻ സഹായിക്കാത്തത് മൂലം, പൊതുവായ സാമൂഹിക ചർച്ചകളിൽ തെറ്റിദ്ധാരണകൾക്കും വഴിയൊരുക്കുന്നു. ഉദാഹരണം: മുലായം സിംഗ്, യാദവ സമുദായം; മൻമോഹൻ സിംഗ്, സിക്ക് സമുദായം; ബ്രാഹ്മണ പാരമ്പര്യം; ജയ്സിംഗ്, രാജ്പുത്.

മോദി (Modi): ഇന്ത്യയിൽ, പ്രത്യേകിച്ച് ഗുജറാത്ത്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു കുടുംബപ്പേരാണ് മോദി. ഈ പേര് ഹിന്ദു, മുസ്ലിം, പാർസി എന്നീ മതങ്ങളിലുള്ളവരും ഉപയോഗിക്കുന്നു. ഇത്

ഒരു പ്രത്യേക ജാതിയെയോ മതത്തെയോ പ്രതിനിധീകരിക്കുന്നില്ല (Yadav, et al. 2023). പാർസി സമുദായത്തിൽപ്പെട്ട ചിലർക്ക് 'മോദി' എന്ന കുടുംബപ്പേര് ഉï. "മോദി" എന്നത് അന്നപ്പാനങ്ങളുടെ (grocers / food grain merchants) തൊഴിലാളികളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. ഗുജറാത്തിലെ ങീറവല്യമ എന്ന ഗ്രാമത്തിൽ നിന്നുള്ളവർ എന്നയർത്ഥത്തിലും ഇത് ഉപയോഗിച്ചിരുന്നു (23andMe, 2024). പാഴ്സി സമൂഹത്തിൽ "മോദി" എന്നത് ഇംഗ്ലീഷ് കാലഘട്ടത്തിൽ അക്കൌïന്റുമാരായി ജോലി ചെയ്തവർക്ക് കിട്ടിയ പദവിയായി കണക്കാക്കിയിരുന്നു (Palsetia, Jesse S. 2021).

ഗാന്ധി (Gandhi) – "ഗന്ധ" എന്ന സംസ്കൃത പദത്തിൽ നിന്ന് ഉദ്ഭവിച്ചതായി കരുതപ്പെടുന്നു. അതിന്റെ അർത്ഥം 'സന്തം' അല്ലെങ്കിൽ 'സുഗന്ധം' എന്നാണ്. 'ഗാന്ധിക' എന്നത് 'സുഗന്ധവ്യാപാരി' എന്നർത്ഥം വരുന്ന ഒരു പദമാണ്. ഗുജറാത്തിയിൽ, ഈ പദം 'മാർക്കറ്റുകാരൻ' അല്ലെങ്കിൽ 'ഫാർമസിസ്റ്റ്' എന്നർത്ഥത്തിലും ഉപയോഗിക്കുന്നു. സുഗന്ധ വിൽപ്പനയുമായി ബന്ധപ്പെട്ട തൊഴിലിന്റെ പേരായി ഉപയോഗിച്ചുവെന്നും സാംസ്കാരികമായ ഇഴചേരലുകൾ മൂലം പാഴ്സിമാരിലും ഗുജറാത്തിയിലും വ്യത്യസ്തമായ രൂപത്തിൽ ഈ പേര് ഉപയോഗിച്ചുവെന്നും കാണാം.

**ഗാന്ധി Vs ഗാന്ധി**

മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊï ധാർമ്മിക കാഴ്ചപ്പാടും ആത്മീയ ആഴവും പ്രതിധ്വനിക്കുന്ന 'ഗാന്ധി' എന്ന പേര് ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ അഗാധമായ പാരമ്പര്യത്തെ ഉൾക്കൊള്ളുന്നു. എന്നിരുന്നാലും, ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി ദീർഘകാലമായി ബന്ധപ്പെട്ടിരിക്കുന്ന നെഹ്റുഗാന്ധി കുടുംബവും ഇതേ പേര് വഹിക്കുന്നു. ഫിറോസ് ഗാന്ധിക്ക് മഹാത്മാഗാ

ന്ധിയുമായി ഒരു കുടുംബബന്ധവും ഉ്ായിരുന്നില്ലെങ്കിലും, ര് കുടുംബങ്ങളും ഒന്നാണെന്ന് പലരും തെറ്റായി വിശ്വസിക്കുന്നു. ഈ ആശയക്കുഴപ്പം ഒരേ പോലുള്ള കുടുംബപ്പേരിനെ ക്കുറിച്ച് മാത്രമല്ല, രാജ്യത്തിന്റെ കൂട്ടായ ഓർമ്മയുടെ ഘടനയിൽ 'ഗാന്ധി' എന്ന പേര് എത്ര ആഴത്തിൽ നെയ്തെടുത്തിരിക്കുന്നു എന്നതിനെക്കുറിച്ചും സംസാരിക്കുന്നു.

**മഹാത്മാ ഗാന്ധി**

മഹാത്മാ ഗാന്ധി ബാനിയ (വൈശ്യ) ജാതിയിൽ പെട്ടവരായിരുന്നു, ഇത് ഇന്ത്യയിലെ ഹിന്ദു സാമൂഹിക ക്രമത്തിൽ പരമ്പരാഗതമായി വ്യാപാരവാണിജ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു സമുദായമാണ്.

ഗാന്ധിയുടെ സാമൂഹിക പശ്ചാത്തലം (Fischer, 1950):

ജാതി: ബാനിയ

വർണ്ണം: വൈശ്യ (നാലു വർണ്ണങ്ങളിലേയും മൂന്നാമത്തെത്: ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര)

ഉപജാതി: മോദ് ബാനിയ – ഗുജറാത്തിലെ ബാനിയ സമുദായത്തിലെ ഒരു ഉപവിഭാഗം

മതം: ഹിന്ദു

ഭാഷയും പ്രദേശവും: ഗുജറാത്തി; പോർബന്ദർ, ഗുജറാത്ത്, ഇന്ത്യ

കുട്ടിക്കാലത്തെ വീട്ടിന്റെ പേര്: കീർത്തി മന്ദിർ (Kirti Mandir)

ഗാന്ധിജിയുടെ പിതാവ് കരംചന്ദ് ഗാന്ധി, ഗുജറാത്തിലെ പോർബന്ദറിലെ ദിവാനായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം പരമ്പരാഗതമായി സുഗന്ധവ്യാപാരികളായിരുന്നുവെന്ന് കരുതപ്പെടുന്നു, അതിനാൽ 'ഗാന്ധി' എന്ന പേര് അവരുടെ കുടുംബനാമമായി മാറി.

ബാനിയ സമുദായം വ്യാപാരവാണിജ്യ പ്രവർത്തനങ്ങളിൽ പ്രശസ്തമാണ്. എങ്കിലും, ഗാന്ധിജി ഈ പരമ്പരാഗത ജീവിതശൈലി ഉപേക്ഷിച്ച് രാഷ്ട്രീയവും സേവനവും അടയാളപ്പെടുത്തുന്ന ഒരു ജീവിതം തിരഞ്ഞെടുത്തു. അദ്ദേഹം ലïനിലേക്ക് പഠനത്തിനായി യാത്ര ചെയ്തപ്പോൾ, മോദ് ബാനിയ ഉപജാതിയുടെ നേതാക്കൾ ഈ യാത്ര ഹിന്ദു മതത്തിന് വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച് അദ്ദേഹത്തെ ജാതിയിൽ നിന്ന് പുറത്താക്കി .

ഗാന്ധിജിയുടെ ജീവിതം, അദ്ദേഹത്തിന്റെ ജാതി പശ്ചാത്തലത്തെ മറികടന്ന്, സത്യാഗ്രഹം, അഹിംസ, സാഹോദര്യം എന്നിവയുടെ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇത് അദ്ദേഹത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന നേതാവായി മാറ്റി .

**"നെഹ്റു" എന്ന കുടുംബപ്പേര്**

'നെഹ്റു' എന്നത് ഹിന്ദി പദമായ 'നഹർ' (നദി അല്ലെങ്കിൽ കനാൽ) എന്നതിൽ നിന്നാണ് ഉത്ഭവിച്ചത്. നെഹ്റു കുടുംബത്തിന്റെ പൂർവ്വികർ രാജ്കൗൾ 1700 കളിൽ കാശ്മീരിൽ നിന്ന് ഡെൽഹിയിലേക്ക് കുടിയേറി, ഒരു കനാലിന്റെ സമീപത്തുള്ള സ്ഥലത്ത് താമസിച്ചു. ഈ താമസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പേരിൽ 'നെഹ്റു' എന്ന ഉപനാമം ചേർന്നു. 'പണ്ഡിറ്റ്' എന്നത് സംസ്കൃതത്തിൽ നിന്നുള്ള, 'പണ്ഡിതൻ' അല്ലെങ്കിൽ 'വിദ്വാൻ ' എന്ന അർത്ഥം വരുന്ന പദമാണ്. ഇത് പ്രത്യേകിച്ച് ഹിന്ദു മതശാസ്ത്രത്തിലും സംസ്കൃത സാഹിത്യത്തിലും പ്രാവീണ്യമുള്ള വ്യക്തികൾക്കു നൽകുന്ന ബഹുമാനപദമാണ്. ജവഹർലാൽ നെഹ്റു കാശ്മീരി പണ്ഡിറ്റ് കുടുംബത്തിൽ ജനിച്ചതിനാൽ ഈ ബഹുമാന പദം അദ്ദേഹത്തിന്റെ പേരിന് മുൻപിൽ ഉപയോഗിക്കപ്പെട്ടു.

**ഫിറോസ് ജെഹാംഗിർ ഗാന്ധി**

ഇന്ത്യയിലെ സ്വാതന്ത്ര്യ സമര സേനാനിയും രാഷ്ട്രീയ പ്രവർത്തകനും പത്രപ്രവർത്തകനും ആയിരുന്നു ഫിറോസ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായിരുന്ന ഫിറോസ് ഗാന്ധി, സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തു. 1952ലും 1957ലും റായ്ബറേലി മണ്ഡലത്തിൽ നിന്ന് ലോക്സഭയിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. The National Herald പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. 1958ൽ, മുïരാ കുംഭകോണം (Mundhra scandal) പുറത്തുകൊïുവന്ന് തന്റെ സ്വന്തം പാർട്ടിയുടെ സർക്കാരിനെതിരെ വിമർശനം നടത്തി, ഫിനാൻസ് മന്ത്രി ടി.ടി. കൃഷ്ണമാചാരിയുടെ രാജിക്ക് നിമിത്തമായി.

ജനനം: 1912 സെപ്റ്റംബർ 12, മുംബൈ, ഇന്ത്യ

മരണം: 1960 സെപ്റ്റംബർ 8, ന്യൂ ഡെൽഹി

മാതാപിതാക്കൾ: ജെഹാംഗിർ ഫാരിദൂൺ ഗാന്ധി (മറൈൻ എഞ്ചിനീയർ), റതിമായ്

സമുദായം: പാർസി (സരോസ്ത്രിയൻ മതം)

ഭാര്യ: ഇന്ദിരാ നെഹ്റു (ജവാഹർലാൽ നെഹ്റുവിന്റെ മകൾ)

മക്കൾ: രാജീവ് ഗാന്ധി, സഞ്ജയ് ഗാന്ധി

സഹോദരങ്ങൾ: ഡോറാബ് ഗാന്ധി, ഫാരിദൂൺ ജെഹാംഗിർ ഗാന്ധി, തെഹ്മിനാ ജെഹാംഗിർ ഗാന്ധി, ആലൂ ദസ്തൂർ, അലാമൈ ജെഹാംഗിർ ഗാന്ധി.

**'ഗാന്ധി' എന്ന കുടുംബനാമം**

ഫിറോസ് ഗാന്ധി, ഗുജറാത്തി പാർസി കുടുംബത്തിൽ നിന്നുള്ളയാളാണ്. പാർസികൾ (Parsis) സരോസ്ത്രിയൻ മതവിശ്വാസികളായ ഒരു സമുദായമാണ്. ഇവരുടെ കുടുംബനാമങ്ങൾ സാധാരണയായി ജാതിയെ സൂചിപ്പിക്കുന്നില്ല, കാരണം സരോസ്ത്രിയൻ മതത്തിൽ

ജാതിവ്യവസ്ഥയില്ല. പാർസി കുടുംബനാമങ്ങൾ പ്രധാനമായും പാരമ്പര്യ തൊഴിൽ, വംശപരമ്പര, ഭൂമിശാസ്ത്രപരമായ ഉത്ഭവം എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയാണ്. പാർസികൾ പലപ്പോഴും അവരുടെ തൊഴിൽ അല്ലെങ്കിൽ പാരമ്പര്യ തൊഴിൽ അടിസ്ഥാനമാക്കി പേരുകൾ സ്വീകരിച്ചു: Mistry (മിസ്റ്ററി), Gandhi, തുടങ്ങിയവ. പാർസികളുടെ ചില പേരുകൾ അവരുടെ ജന്മസ്ഥലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു: Sanjana – സഞ്ജൻ പ്രദേശം, Surti – സൂരത്, തുടങ്ങിയവ. ചില പേരുകൾ വ്യക്തിയുടെ സാമൂഹിക പദവി സൂചിപ്പിക്കുന്നു: Desai, Patel, തുടങ്ങിയവ.

1930കളുടെ തുടക്കത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായിരുന്ന ഫിറോസ് ഗാന്ധി, ആ സമരത്തിന്റെ ഭാഗമായിരുന്ന ഇന്ദിരാ ഗാന്ധിയുടെ അമ്മ കമല നെഹ്റുവുമായി സൗഹൃദം സ്ഥാപിച്ചു. 16 വയസ്സുള്ള ഇന്ദിരയുമായി അദ്ദേഹം പ്രണയത്തിലാവുകയും 1933ൽ അവളോട് വിവാഹാഭ്യർത്ഥന നടത്തുകയും ചെയ്തുവെങ്കിലും വിവാഹം കഴിക്കാൻ വളരെ ചെറുപ്പമായതിനാൽ അവളുടെ അമ്മ ആ വിവാഹാഭ്യർത്ഥന നിരസിച്ചു. ദുർബലമായ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിക്കാൻ അദ്ദേഹം കമലയെ സന്ദർശിക്കുന്നത് തുടർന്നപ്പോൾ അദ്ദേഹം ഇന്ദിരയെയും കാണും (Bhushan, 2008). ചരിത്രപരമായ സംഭവങ്ങൾ സൃഷ്ടിച്ച സാഹചര്യങ്ങൾ ഇരുവരും വിവാഹത്തിൽ ഐക്യപ്പെടുന്ന തരത്തിൽ ഒരു വഴിത്തിരിവായി. വിവാഹത്തിന് മുൻപ് 1930 ലും വിവാഹത്തിന് ശേഷം 1942ലും അദ്ദേഹം ജയിൽ വാസം അനുഭവിച്ചിട്ടു്‍ (F.G.College, 2025). ഇവിടേയും പാർലമെന്റിലെ ഔദ്യോഗിക രേഖകളിലും രേഖപ്പെടുത്തിയിട്ടുള്ളത് ഗാന്ദി (Gandhi) എന്ന സർനെയിം ആണ് (PI, 1950). തിരഞ്ഞെടുപ്പു കമ്മീഷൻ പ്രസിദ്ധീകരിച്ച "ആദ്യ ലോക്സഭയിലേ ക്കായി തയ്യാറാക്കിയ 1951 ലെ പൊതു

തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട്" (Statistical Report on General Elections, 1951 to The First Lok Sabha) എന്ന റിപ്പോർട്ടിലും Feroze Gandhi എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (ECI, 1951).

Gandy എന്നായിരുന്നു അദ്ദേഹത്തിന്റെ സർനെയിം എന്നും, 1930ൽ സ്വാതന്ത്ര്യ സമരത്തിൽ അണിചേരുമ്പോൾ, മഹാത്മാ ഗാന്ധിയോട് ആദരസൂചകമായി തന്റെ സർനെയിം 'ഗാന്ധി' ആയി മാറ്റി എന്നും വാദിക്കുന്നവർ ഉ്. ഗാന്ധിജിയുടെ പേരിനോട് ഭാരതീയർക്കുള്ള വൈകാരിക ബന്ധം മുതലെടുക്കുവാൻ കോൺഗ്രസ് ബോധപൂർവ്വം Gandy എന്നത് Gandhi എന്നാക്കി തിരുത്തിയതാണ് എന്നും ആക്ഷേപിക്കുന്നവർ ഉ്. ഈ വാദമുഖങ്ങൾക്ക് എത്ര മാത്രം പ്രസക്തിയു് എന്ന് വിലയിരുത്താം.

യു.എസ്. സെൻസസ് ബ്യൂറോയുടെ കണക്കുകളെ ഉദ്ധരിച്ച് namecensus.com അഭിപ്രായപ്പെടുന്നത് Gandy bpw- Gandhi bpw- F-¶- surname കൾ അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ surname- കളിൽ പെട്ടതാണ് എന്നാണ് (Name Census, n.d.). 2010ലെ സെൻസസിൽ ഗാൻഡി (Gandy) കുടുംബപ്പേര് 10,444 തവണ ആവർത്തിച്ചപ്പോൾ. ഇതേ സെൻസസിൽ ഗാന്ധി (Gandhi) കുടുംബപ്പേര് 6,721 തവണ ആവർത്തിച്ചു .

പാഴ്സി സമുദായത്തിൽ ഈ കുടുംബ പേരുകൾ ഉ്ടോ എന്നതിനാണല്ലോ കൂടുതൽ പ്രസക്തി. അതിനാൽ എന്ന പാഴ്സി രജിസ്റ്ററിലെ പേരുകൾ പരതി. അതിൽ Gandi എന്ന surname -Â- 9 എൻട്രികൾ മാത്രമാണ് ഉള്ളത്. ഇതിൽ ഒന്നു പോലും ഇന്ത്യയിൽ നിന്നല്ല എന്നതും ശ്രദ്ധേയമാണ്. Gandially എന്ന പേരിൽ ഒരു എൻട്രി പൂനയിൽ നിന്നും ചേർക്കപ്പെട്ടിട്ടു്. എന്നാൽ Gandhi എന്ന പേരിൽ

300 എൻട്രികളും Gandhy എന്ന പേരിൽ 20 എൻട്രികളും ഉ് (The Parsi Directory, n.d.). Tata കുടുംബത്തിലെ 190 എൻട്രികൾ രേഖപ്പെടുത്തപ്പെട്ട ഈ രജിസ്റ്റർ അവലംബമാക്കിയെടുത്താൽ മേൽപറഞ്ഞ 'പേര് തിരുത്തി' എന്ന വാദങ്ങളുടെ പ്രസക്തി ഇല്ലാതാവുകയാണ്.

**സംഗ്രഹം**

'ഗാന്ധി' എന്ന കുടുംബപ്പേര് ഇന്ത്യയുടെ ചരിത്രപരവും രാഷ്ട്രീയവുമായ ഭൂപ്രകൃതിയിലെ ര് വ്യത്യസ്ത പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു ഒന്ന് മഹാത്മാഗാന്ധിയുടെ ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളിൽ വേരൂന്നിയതും മറ്റൊന്ന് നെഹ്റുഗാന്ധി കുടുംബത്തിന്റെ രാഷ്ട്രീയ വംശാവലിയിൽ വേരൂന്നിയതും. ഈ ര് കുടുംബങ്ങളും രക്തത്താൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന പൊതുധാരണ ഉ്ങ്കിലും വാസ്തവത്തിൽ, മഹാത്മാഗാന്ധിയും ഫിറോസ് ഗാന്ധിയും തമ്മിൽ വംശാവലി ബന്ധമില്ല.

എന്നിരുന്നാലും, ഒരേ കുടുംബപ്പേര് കാരണം, പലരും ഇവ ര്ും സംയോജിപ്പിക്കുന്നത് തുടരുന്നു, ഇത് വ്യാപകമായ ആശയക്കുഴപ്പത്തിനും തെറ്റായ വ്യാഖ്യാനത്തിനും കാരണമാകുന്നു. ഈ ര് ഗാന്ധിമാരും തമ്മിലുള്ള ചരിത്രപരവും സാമൂഹികവുമായ വ്യത്യാസങ്ങൾ വ്യക്തമായി വേർതിരിച്ചറിയാൻ ഇന്ത്യൻ മാധ്യമങ്ങൾ വേ്ത്ര ധൈര്യമോ മുൻകൈയോ കാണിച്ചിട്ടില്ല. വ്യക്തതയുടെ ഈ അഭാവം പൊതുജനങ്ങളുടെ തെറ്റിദ്ധാരണകളുടെ സ്ഥിരതയ്ക്ക് കാരണമായി.

ജാതി, പ്രദേശം, ഭാഷ, തൊഴിൽ എന്നിവയുടെ സങ്കീർണ്ണമായ വിഭജനങ്ങളാൽ പേരുകൾ രൂപപ്പെടുന്ന ഇന്ത്യയെപ്പോലുള്ള വൈവിധ്യമാർന്ന രാജ്യത്ത് ഈ കുടുംബപ്പേരുകളുടെ യഥാർത്ഥ ഉത്ഭവവും

പശ്ചാത്തലവും വേർതിരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത് നിർണായകമാണ്.

ചരിത്രപരമായ രേഖകൾ, കമ്മ്യൂണിറ്റി രജിസ്റ്ററുകൾ, സാമൂഹിക സാംസ്കാരിക പഠനങ്ങൾ എന്നിവ ഫിറോസ് ഗാന്ധി ഒരു പാഴ്സി പശ്ചാത്തലത്തിൽ നിന്നാണ് വന്നതെന്നും അദ്ദേഹത്തിന്റെ കുടുംബപ്പേര്, 'ഗാന്ധി' എന്ന് ഉച്ചരിച്ചിട്ടുണ്ടെങ്കിലും, മഹാത്മാഗാന്ധിയുടെ അതേ വംശത്തിൽ നിന്നോ സമുദായത്തിൽ നിന്നോ ഉത്ഭവിച്ചതല്ലെന്നും സ്ഥിരീകരിക്കുന്നു. രാഷ്ട്രീയ നേട്ടത്തിനായി ഫിറോസ് ഗാന്ധി തന്റെ കുടുംബപ്പേര് മാറ്റിയെന്ന അവകാശവാദത്തെ വിശ്വസനീയമായ തെളിവുകളോ ഔദ്യോഗിക രേഖകളോ പിന്തുണയ്ക്കുന്നില്ല. പാർലമെന്ററി രേഖകളും തിരഞ്ഞെടുപ്പ് റിപ്പോർട്ടുകളും അദ്ദേഹത്തെ സ്ഥിരമായി 'ഫിറോസ് ഗാന്ധി' എന്ന് വിശേഷിപ്പിക്കുന്നു.

ഒരു ജനാധിപത്യ സമൂഹത്തിൽ, അത്തരം വ്യത്യാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ വളർത്തിയെടുക്കുന്നത് വിവരമുള്ള പൌരത്വം വളർത്തുന്നതിനും പ്രതീകാത്മക പാരമ്പര്യങ്ങളുടെ കൃത്രിമത്വം ഒഴിവാക്കുന്നതിനും സഹായിക്കുന്നു. ഈ രണ്ട് 'ഗാന്ധിമാരും' തമ്മിലുള്ള വ്യത്യാസം ചരിത്രപരമായ കൃത്യതയുടെ കാര്യം മാത്രമല്ല, ബൌദ്ധിക വ്യക്തതയുടെയും പൌര ഉത്തരവാദിത്തത്തിന്റെയും ആവശ്യമായ പ്രവൃത്തി കൂടിയാണ്.

**REFERENCES**

1. Bhushan, Shashi. *Feroze Gandhi: A Political Biography*. Frank Bros. & Co. New Delhi, 2008. Internet Archive.

2. Election Commission of India. *Statistical Report on General Elections, 1951 to the First Lok Sabha*. Election Commission of India, 1951. https://www.eci.gov.in/eci-

backend/public/api/download?url=LMAhAK6sOPBp%2FNFF0iRfXbEB1EVSLT41NNLRjYNJJP1KivrUxbfqkDatmHy12e%2FzVx8fLfn2ReU7TfrqYobgIg5j%2FHYFqSqJgJGr0bST3IUhAF9SfDN8Uuc8gj%2BDh4kAfDOTuR4Nkt0ekULalb4eUwj3FEb6QN6V5bMrpRuFg7z8ZJWF%2F1POgiq%2ByICySNyC

3. Fischer, Louis. *The Life of Mahatma Gandhi*. Harper & Brothers, 1950.

4. "Founder President." Feroze Gandhi College, 2025, https://fgc.edu.in

5. Gandhi, Mohandas K. *An Autobiography: The Story of My Experiments with Truth*. Translated by Mahadev Desai, Dover Publications, 1983.

6. "Gandy Last Name Popularity, History, and Meaning." Name Census, https://namecensus.com/last-names/gandy-surname-popularity/. Accessed 18 May 2025.

7. Guha, Ramachandra. *Gandhi Before India*. Penguin Books, 2013.

8. Khodaiji, Dara M. "Feroze Gandhi – A Forgotten Giant." *Parsi Times*, 27 Jan. 2018, https://parsi-times.com/2018/01/feroze-gandhi-forgotten-giant/.

9. *Modi Surname/Last Name: Meaning, Origin, Family History 2024*. 23andMe, https://discover.23andme.com/last-name/Modi. Accessed 18 May 2025.

10. Palsetia, Jesse S. *The Parsis of India: Preservation of Identity in Bombay City*. Brill, 2001. ISBN 978-90-04-12114-0.

11. Parliament of India. *Who's Who 1950*. Lok Sabha Secretariat, 1950. https://eparlib.nic.in/bitstream/123456789/782468/1/publication_whoswho_eng_pp_1950.pdf

12. *The Parsi Directory*. "Search Individual." *The Parsi Directory*, https://theparsidirectory.com/member_result.asp?I=2. Accessed 18 May 2025.

13. Yadav, Shyamlal, et al. *What's in a Surname: The Origins of 'Modi', Its Caste Links*. *The Indian Express*, 13 Apr. 2023, https://indianexpress.com/article/explained/explained-politics/modi-surname-gujarat-explained-8522659/.

14. Zee Media Bureau. "DNA Exclusive: Biggest Surname Deception Exposed on Gandhi Jayanti; Check How 'Ghandy' Became 'Gandhi'." Zee News, 3 Oct. 2020, https://zeenews.india.com/india/dna-exclusive-biggest-surname-deception-exposed-on-gandhi-jayanti-check-how-ghandy-became-gandhi-2314184.html.

15. Zee Media Bureau. (2022, September 12). *Feroze Gandhi death anniversary: Life history, career, and interesting lesser-known facts about the leader*. Zee News. https://zeenews.india.com/india/feroze-gandhi-death-anniversary-life-history-career-and-interesting-lesser-known-facts-about-the-leader-2509113.html